"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ ആൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന മണ്ണന്തല പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.126/2025/SCSTD തീയതി,തിരുവനന്തപുരം, 18-02-2025

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 04/2/2025 ലെ SCDD/6149/2024-C3 (EDN C) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ ആൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന മണ്ണന്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ പെയിന്റിംഗ് വർക്കുകൾ, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ 16,00,000/- രൂപയുടെ എസ്റ്റിമേറ്റ് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർ ലഭ്യമാക്കിയിട്ടുണ്ടെന്നും ഹോസ്റ്റൽ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തനത്തിനും കെട്ടിടം സുരക്ഷിതമാക്കുന്നതിനും അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തേണ്ടതുണ്ടെന്നും അതിനാവശ്യമായ 16,00,000/-രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-800-89 (P) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന പോസ്റ്റ്മെട്രിക് (ആൺ) ഹോസ്റ്റലിന്റെ പെയിന്റിംഗ് വർക്കുകൾ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-800-89 (P) എന്ന ശീർഷകത്തിൽ നിന്നും 16,00,000/- (പതിനാറു ലക്ഷം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
H Suni
Date: 19-02-2025 10:11:03

സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.